(ബി) ന്യൂനപക്ഷ അവകാശ ലംഘനവും വിവേചനവും സംബന്ധിച്ച് ലഭിച്ച വിവിധ പരാതികളിന്മേൽ സമയബന്ധിതമായി തീർപ്പ് കൽപിക്കുകയും, വിവിധ പ്രശ്നബാധിത പ്രദേശങ്ങൾ സന്ദർശിച്ച് പഠനം നടത്തി ബന്ധപ്പെട്ട അധികാര സ്ഥാപനങ്ങളുമായി ചേർന്ന് പരിഹാര നടപടികൾ സ്വീകരിക്കുകയും, ജില്ലകൾതോറും യോഗങ്ങൾ സംഘടിപ്പിച്ച് ന്യൂനപക്ഷങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങൾ ജില്ലാ ഭരണകൂടവുമായും ജില്ലാതല ഉദ്യോഗസ്ഥരുമായും ചർച്ച നടത്തുകയും; കമ്മീഷന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച് ന്യൂനപക്ഷങ്ങളുടെ ഇടയിൽ അവബോധം സൃഷ്ടിക്കുകയും ചെയ്തുവരുന്നുണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ വഴി ലഭ്യമാകുന്ന ആനുകൂല്യങ്ങൾ

329 (1755) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ വഴി എന്തെല്ലാം ആനുകൂല്യങ്ങളാണ് ഈ വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് നൽകുന്നതെന്ന് വിശദമാക്കാമോ ;

(ബി) ഓരോ ആനുകൂല്യത്തിനുമുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് തരം തിരിച്ച് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ വഴി നടപ്പിലാക്കുന്ന പദ്ധതികളും ആനുകൂല്യങ്ങളും താഴെ വിവരിക്കുന്നു :

ന്യൂനപക്ഷ വിഭാഗങ്ങളുടെ ജീവിത നിലവാരം ഉയർത്തിക്കൊണ്ട് വരുന്നതിനായി ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ സംസ്ഥാന ചാനലൈസിംഗ് ഏജൻസി എന്ന നിലയിൽ ടി സ്ഥാപനം താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു :

1. സ്വയം തൊഴിൽ സംരംഭ വായ്പ :

3 ശതമാനം മുതൽ 6 ശതമാനം വരെയുള്ള പലിശ നിരക്കിൽ 10 ലക്ഷം രൂപവരെ ഒരാൾക്ക് നൽകുന്നു.

LIBRARY ARCHIVES Kerala Legislative Assembly

2. വിദ്യാഭ്യാസ വായ്പ :

(സ്വദേശത്തും വിദേശത്തും പഠിക്കുന്നതിന്) 3 ശതമാനം നിരക്കിൽ പരമാവധി (10 ലക്ഷം രൂപ സ്വദേശത്തും 20 ലക്ഷം രൂപ വിദേശത്തും)

3. മൈക്രോഫിനാൻസ് :

3 വർഷത്തെ പ്രവർത്തന മികവ് തെളിയിച്ച ചെറുകിട യൂണിറ്റുകൾക്ക് NGO/CDS വഴി 2 ശതമാനം നിരക്കിൽ പരമാവധി 25 ലക്ഷം രൂപ നൽകുന്നു.

സ്വന്തം ഫണ്ടിൽ നിന്നുള്ളവ :

1. സ്വയം തൊഴിൽ വായ്പ : 3 ശതമാനം മുതൽ 6 ശതമാനം വരെയുള്ള പലിശ നിരക്കിൽ 10 ലക്ഷം രൂപ വായ്പ നൽകുന്നു.

2. പ്രവാസി സ്വയം തൊഴിൽ വായ്പ : 5 ശതമാനം നിരക്കിൽ 5 ലക്ഷം രൂപ വരെ വായ്പ നൽകും.

3. നിതാഖത് സ്വയം തൊഴിൽ വായ്പ : 3 ശതമാനം നിരക്കിൽ 5 ലക്ഷം രൂപ വായ്പ വരെ നൽകും.

4. പ്രൊഫഷണൽ വിദ്യാഭ്യാസ വായ്പ : 3 ശതമാനം പലിശ നിരക്കിൽ (സ്റ്റുഡന്റ്സ് പ്ലസ്, പാരന്റ് പ്ലസ്)

5. ബിസിനസ് ഡെവലപ്മെന്റ് വായ്പ : 7 ശതമാനം നിരക്കിൽ 3,00,000 രൂപ വരെ വായ്പ നൽകും.

6. ഉദ്യോഗസ്ഥർക്കുള്ള ഭവന പുനരുദ്ധാരണ/വാഹന വായ്പ 7 ശതമാനം നിരക്കിൽ 3 ലക്ഷം രൂപ വരെ വായ്പ നൽകുന്നു.

7. സൗജന്യ തൊഴിൽ പരിശീലന കോഴ്സുകൾ : വ്യക്തികളുടെ അഭിരുചി ക്കനുസൃതമായി 6 മാസ കാലാവധിയിൽ അധികരിക്കാത്ത Skill Development Training Course കളിൽ സൗജന്യ പരിശീലനം നൽകുന്നു. ഒരാൾക്ക് ഫീസിനത്തിൽ പ്രതിമാസം 2000 രൂപയും, സ്റ്റൈപ്പന്റായി 1000 രൂപയും നൽകും.

(ബി) കോർപ്പറേഷന്റെ വിവിധ പദ്ധതികളിൽ നിന്ന് വായ്പ ലഭിക്കുന്നതിന് കേന്ദ്ര സർക്കാർ മതന്യൂനപക്ഷങ്ങളായി അംഗീകരിച്ചിട്ടുള്ള മുസ്ലീം, ക്രിസ്ത്യൻ, സിഖ്, ബുദ്ധ, പാഴ്സി, ജൈനർ എന്നീ വിഭാഗങ്ങളിൽ നിന്നുള്ളവർക്കാണ് കോർപ്പറേഷന്റെ ആനുകൂല്യങ്ങൾ ലഭിക്കുക. ഗ്രാമീണ മേഖലയിൽ 81,000 രൂപയും നഗരങ്ങളിൽ 1,03,000 രൂപയുമാണ് കുടുംബ വാർഷിക വരുമാന പരിധി. ഓരോ വായ്പയ്ക്കും കോർപ്പറേഷന്റെ നിയമാവലി അനുസരിച്ചുള്ള ഉദ്യോഗസ്ഥ/വസ്തു ജാമ്യം ആവശ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly